LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ 119 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്.

(ബി-ഡി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി അരുർ മണ്ഡലത്തിൽ നിലവിൽ നിർദ്ദേശങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന RRR Scheme-ൽ ഉൾപ്പെടുത്തി അരുർ മണ്ഡലത്തിലെ കുളങ്ങൾ നവീകരിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് വകുപ്പ് തലത്തിൽ തയ്യാറാക്കിവരുന്നു.

ജിഡ ഫിഷറീസ് ഫണ്ട്

197 (2752) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിഡ ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് വൈപ്പിൻ മണ്ഡലത്തിൽ നടന്നുവരുന്ന ശുദ്ധജല വിതരണ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത പ്രവൃത്തിയുടെ ഇനിയും പൂർത്തീകരിക്കാനുള്ളത് എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ ഏതെങ്കിലും തരത്തിൽ തടസ്സങ്ങളുണ്ടെങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജിഡ ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട്, കുഴുപ്പിള്ളി പഞ്ചായത്തുകൾക്കുവേണ്ടി നടപ്പിലാക്കുന്ന ശുദ്ധജലവിതരണ പദ്ധതി 31-12-2014-ന് പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെ ഉന്നതതല ജല സംഭരണിയുടെ നിർമ്മാണം പൂർത്തീകരിക്കുവാനുണ്ട്.

(ബി) നിലവിൽ തടസ്സമില്ല.

എസ്.സി./എസ്.റ്റി. ആവാസ കേന്ദ്രങ്ങളിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി

198 (2753) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2008-13 കാലത്ത് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി./എസ്.റ്റി. ആവ.സാ. കേന്ദ്രങ്ങളിൽ എത്ര പദ്ധതികൾ ആവിഷ്കരിച്ചു ; എത്ര എണ്ണം നടപ്പാക്കി ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ പൂർത്തീകരിച്ച പദ്ധതികൾ എത്രയാണെന്നും ഉപേക്ഷിച്ച പദ്ധതികൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ ദിവസവേതനം വർദ്ധിപ്പിക്കുന്നതിന് നടപടി

198 (2753) ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ പമ്പ് ഓപ്പറേറ്റർ, വർക്കർ, സ്വീപ്പർ, അറ്റൻഡർ, ഗാർഡനർ, പൈൺ, കമ്പ്യൂട്ടർ ഓപ്പറേറ്റർ, മീറ്റർ റീഡർ എന്നീ തസ്തികകളിൽ വർഷങ്ങളായി എച്ച്.ആർ.വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത ജീവനക്കാരുടെ ദിവസവേതനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇടനിലക്കാരെ ഒഴിവാക്കി ഇവർക്ക് നേരിട്ട് ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കേരള വാട്ടർ അതോറിറ്റിയിൽ എച്ച്.ആർ. വ്യവസ്ഥയിൽ ആരെയും നിയമിച്ചിട്ടില്ല. സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ ജലവിതരണ സംവിധാനം തടസ്സപ്പെടാതിരിക്കാൻ അംഗീകൃത കരാറുകാർ മുഖേന ലേബർ സപ്ലൈ അടിസ്ഥാനത്തിൽ ആവശ്യാനുസരണം തൊഴിലാളികളെ ഏർപ്പെടുത്താറുണ്ട്. ഇവരെ സ്ഥിരപ്പെടുത്താൻ നിലവിൽ നിയമ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly